**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1011** | **29-08-2022 - ൽ മറുപടിയ്ക്ക്**

**വന്യജീവികളുടെ ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവികളുടെ ആക്രമണം മൂലം കൃഷിനാശം സംഭവിക്കാതിരിക്കാൻ ശാശ്വത പരിഹാരം കാണുന്നതിന് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും, കേരള വനം വകുപ്പിലെ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും ചേർന്ന് കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുന്നതിനുള്ള കാരണങ്ങളും പ്രതിരോധ മാർഗ്ഗങ്ങളെയും കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. ടി പഠനത്തിലെ കണ്ടെത്തലുകൾ കൂടി ഉൾപ്പെടുത്തി പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും 2021 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ വിശദമായ ഒരു പ്രോജക്റ്റ് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ടി പ്രോജക്റ്റ് പ്രൊപ്പോസലിൽ കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കുവാനുള്ള താഴെ പറയുന്ന കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്.<br>1. കാടിനു ചുറ്റും കൃഷി ചെയ്യുന്ന കൃഷിയിടങ്ങളുടെ വിസ്തൃതി വർദ്ധിച്ചിരിക്കുന്നു. കൃഷി സമ്പ്രദായം മാറിയതും കർഷകർ കരിമ്പ്, വാഴ പോലുള്ള വാണിജ്യ വിളകൾ വർദ്ധിച്ച തോതിൽ കൃഷി ചെയ്യാനാരംഭിച്ചിരിക്കുന്നു.<br>2. വന്യജീവികളുടെ എണ്ണത്തിലും വർദ്ധന ഉണ്ടായിട്ടുണ്ട്.<br>3. മനുഷ്യരും, വളർത്തു മൃഗങ്ങളും അസമയങ്ങളിൽ വന്യജീവി മേഖലകളിൽ സഞ്ചരിക്കുന്നതും തങ്ങുന്നതും ചിലപ്പോൾ അപകടങ്ങൾക്ക് ഇടയാക്കുന്നു.<br>4. ആവാസ മേഖലകൾ ചെറു കഷണങ്ങളായി മുറിഞ്ഞു പോകുന്നത് മൂലം വന്യജീവികളുടെ സ്വൈര വിഹാരം തടസ്സപ്പെടുന്നു.<br>5. അധിനിവേശ വിദേശ സസ്യങ്ങളും ജീവികളും വന്യജീവികൾക്ക് ഭക്ഷ്യ ലഭ്യത കുറയ്ക്കുന്നു.<br>6. യൂക്കാലിപ്റ്റ്സ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ മുതലായ വിദേശ ഇനം സസ്യങ്ങൾ പുൽമേട്ടകളിലും മറ്റും തോട്ടമായി നട്ടു വളർത്തിയത് ആവാസ |

| | | | |
|---|---|---|---|
| | | | വ്യവസ്ഥകളുടെ ഗുണ നിലവാരം നശിപ്പിച്ചു.<br>7. ആധുനിക വാർത്താ വിനിമയ വിവര സങ്കേതിക സൗകര്യങ്ങൾ വൻ തോതിൽ ഉപയോഗപ്പെടുത്തുന്നത് മൂലം മനുഷ്യ-വന്യ ജീവി സംഘർഷങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതിയിൽ വന്യജീവികളുടെ ആക്രണം മൂലം കൃഷിനാശം സംഭവിക്കാതിരിക്കാൻ താഴെപറയുന്ന പ്രവർത്തനങ്ങളും വിഭാവനം ചെയ്യുന്നുണ്ട്.<br>1. വന്യജീവികൾ മനുഷ്യരുടെ വാസ സ്ഥലങ്ങളിലേയ്ക്കും കൃഷിയിടങ്ങളിലേയ്ക്കും പ്രവേശിക്കുന്നത് തടയുന്നതിനായി പ്രതിരോധ സംവിധാനങ്ങൾ നിർമ്മിക്കുക.<br>2. മനുഷ്യനും-വന്യജീവികളും തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിന് മുൻകൂർ മുന്നറിയിപ്പ് സംവിധാനം അടക്കമുള്ള നൂതന മാർഗ്ഗങ്ങൾ നടപ്പിലാക്കുക.<br>3. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ഫലപ്രദമായ അടിസ്ഥാന സൗകര്യങ്ങളും, മാനവ-വിഭവശേഷിയും വികസിപ്പിക്കുക.<br>4. വന്യജീവി മൂലമുള്ള നാശനഷ്ടത്തിന് നഷ്ടപരിഹാരം, വിളഇൻഷുറൻസ്, ലൈഫ് ഇൻഷുറൻസ്, എക്സ്-ഗ്രേഷ്യ എന്നിവ നടപ്പിൽവരുത്തുക.<br>5. ലൈൻ ഡിപ്പാർട്ട്മെൻറുകളുടെ സേവനം ഉപയോപ്പെടുത്തുക.<br>6.ജനപങ്കാളിത്തത്തോടെയുള്ള നടപടികൾ ശക്തിപ്പെടുത്തുക.<br>7. പുൽമേട്ടുകളും ജലസ്രോതസുകളും ഉൾപ്പെടെയുള്ള ആവാസവ്യവസ്ഥ മെച്ചപ്പെടുത്തി വനത്തിനുള്ളിൽ ഭക്ഷണവും വെള്ളവും ലഭ്യമാക്കുക<br>8. സംഘർഷം കുറയ്ക്കുന്നതിന് ഉതകുന്ന അവബോധം സൃഷ്ടിക്കുന്നതിന് പരിശീലനങ്ങളും ഗവേഷണങ്ങളും നടത്തുക. |

സെക്ഷൻ ഓഫീസർ